**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **11-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കണമെന്ന പൊതുഭരണ വകുപ്പിന്റെ 25.02.2017-ലെ ജി.ഒ.(പി) 3/2017 നമ്പർ ഉത്തരവ് ഇറങ്ങി ഏഴ് വർഷം കഴിഞ്ഞിട്ടും സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 04.06.2024 ലെ സ.ഉ. (കൈ)നം.8/2023/സഹ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023 വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത പൊതുസ്ഥലമാറ്റ നടപടികൾ സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 20/2024 കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ സഹകരണ വകുപ്പിലെ 2023 വർഷത്തെ ഓൺലൈൻ പൊതുസ്ഥലമാറ്റ നടപടികൾ ഒഴിവാക്കുന്നതിനും 2024 -ലെ ഓൺലൈൻ പൊതുസ്ഥലമാറ്റം ഏപ്രിൽ 30 നകം പൂർത്തീകരിക്കുന്നതിന് 07.03.2024 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പിലെ കെ.എസ്.ആർ. 144 തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ് വെയറിലൂടെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ ടി ജീവനക്കാരെ കൂടി ഉൾപ്പെടുത്തി പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി സി-ഡിറ്റിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും പുതിയ സോഫ്റ്റ് വെയറിലൂടെ 2024 -ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം 30.04.2024-ന് മുമ്പ് നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നം.20/2024 & 404/2024 | (ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നം. 20/2024 & 404/2024 നമ്പർ വിധി നടപ്പിലാക്കുന്നതിനുള്ള സമയ പരിധി 30.04.2024 മുതൽ മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് എം. എ |

| | | | |
|---|---|---|---|
| | നമ്പർ കേസുകളുടെ വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | 932/2024 ൽ 20.05.2024 ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സോഫ്റ്റ് വെയറിലൂടെ 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരുന്നു. |
| (സി) | പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ നക്ഷത്രചിഹ്നം ഇടാത്ത 2891-ാം നമ്പർ ചോദ്യത്തിന് 13.12.2022-ലും പത്താം സമ്മേളനത്തിലെ നക്ഷത്രചിഹ്നം ഇടാത്ത 2845-ാം നമ്പർ ചോദ്യത്തിന് 13.02.2024-ലും സഹകരണ വകുപ്പ് നൽകിയ മറുപടികളിൽമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ കെ.എസ്.ആർ. 144 തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ് വെയറിലൂടെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ ടി ജീവനക്കാരെ കൂടി ഉൾപ്പെടുത്തി പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഒരു പുതിയ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് സി-ഡിറ്റിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സോഫ്റ്റ് വെയറിലൂടെ 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വകുപ്പിന്റെ ആധുനിക വർക്കരണത്തിൽ ഉൾപ്പെടുത്തി ഓൺലൈൻ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2024 – 2025 വർഷത്തെ ബഡ്ജറ്റിൽ 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. |
| (ഡി) | സഹകരണ പുനരുദ്ധാരണ പാക്കേജിൽ പറഞ്ഞിരുന്ന പ്രകാരം സഹകരണ വകുപ്പിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിലെ കെ.എസ്.ആർ. 144 തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ് വെയറിലൂടെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ ടി ജീവനക്കാരെ കൂടി ഉൾപ്പെടുത്തി പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഒരു പുതിയ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് സി-ഡിറ്റിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സോഫ്റ്റ് വെയറിലൂടെ 2024 ലെ ഓൺലൈൻ പൊതു സ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വകുപ്പിന്റെ ആധുനിക വർക്കരണത്തിൽ ഉൾപ്പെടുത്തി ഓൺലൈൻ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2024 – 2025 വർഷത്തെ ബഡ്ജറ്റിൽ 550.00 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ